# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642 13.06.2012-ൽ മറുപടിക്ക്

## ജീവിത ശൈലീ രോഗം

**ചോദ്യം**

ശ്രീ. റ്റി.എൻ.പ്രതാപൻ :
,, എം.പി.വിൻസെന്റ് :
,, പി.സി.വിഷ്ണുനാഥ് :
,, വി.ഡി.സതീശൻ :

(എ) ജീവിതശൈലിരോഗ ചികിത്സയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരോഗ്യ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ ;

(ബി) ജീവിതശൈലീരോഗ നിയന്ത്രണത്തി നും ചികിത്സയ്ക്കും എന്തൊക്കെ സംവി ധാനങ്ങളാണ് കൂടുതലായി ഏർപ്പെടു ത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദ മാക്കുമോ ;

(സി) രോഗ ചികിത്സാ സൗകര്യം വർദ്ധിപ്പി ക്കുന്നതിനും രോഗം പിടിപെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉള്ള നടപടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാനും ആയതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും നടപടി സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ജീവിതശൈലിരോഗ ചികിത്സയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരോഗ്യ നയത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി)യും (സി)യും :
ജീവിത ശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്ന തിന് ചികിത്സയേക്കാളും പ്രതിരോധ പ്രവർത്തന ങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ മിക്ക കുടുംബക്ഷേമ ഉപകേന്ദ്ര ങ്ങളിലും ജീവിതശൈലീ രോഗങ്ങൾ ചികിത്സി ക്കുവാനുള്ള ക്ലീനിക്കുകൾ നിലവിലുണ്ട്. തെറ്റായ ജീവിതശൈലീ, പുകവലി, മദ്യപാനം, വ്യായാമ ക്കുറവ്, അനാരോഗ്യകരമായ ഭക്ഷണക്രമം എന്നിവ തിരുത്തുന്നതിനുള്ള കൗൺസിലിംഗ് എൻ.സി.ഡി ചികിത്സാകേന്ദ്രങ്ങളിൽ നൽകി വരുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി പ്രമേഹത്തിനും രക്താദി സമ്മർദ്ദത്തിനുമുള്ള പരിശോധനയും സൗജന്യമായി മരുന്നും ലഭ്യ മാക്കിയിട്ടുണ്ട്.

ഇതിനുപുറമേ കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴി ക്കോട്, സർക്കാർ ജില്ലാ/ജനറൽ ആശുപത്രി കളിൽ കൊറോണറി കെയർ യൂണിറ്റ് അർബുദ രോഗ ചികിത്സാ സൗകര്യം എന്നിവ കൂടി ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ